ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അല്ല.

(ഡി) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പ്ലാസ്റ്റിക്കുമായി വനാന്തരത്തിൽ പ്രവേശിക്കുന്നത് നിരുൽസാഹപ്പെടുത്തുക.
2. സന്ദർശകരിൽ പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെക്കുറിച്ച് അവബോധം വളർത്തുക.
3. പൊതുജന പങ്കാളിത്തമുള്ള ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അപ്പപ്പോൾ നീക്കുക.

ഭരണ നവീകരണ പദ്ധതിയുടെ കീഴിലുള്ള സേവനപ്രദാന പദ്ധതികൾ

*9 [461] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ 2005-2006-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനപ്രദാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷം സേവനപ്രദാന പദ്ധതി നടപ്പിലാക്കുന്നതിന് എന്തു തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ സേവനപ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) സേവനപ്രദാന പദ്ധതിയിൽ സംസ്ഥാനതല പ്രോജക്ടുകളും പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുടെ നിർവ്വഹണവും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കളക്ട്രേറ്റുകളുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഡി.സി. സ്യൂട്ട് പ്രോജക്ട്, പോലീസിന് പൊതുജനവുമായി ആശയവിനിമയം നടത്തുന്നതിനുള്ള പോലീസ് പോർട്ടൽ അഞ്ച് കോർപ്പറേഷൻ ഏരിയാകളിലെ പ്രധാന ആശുപത്രികളെ കമ്പ്യൂട്ടർ നെറ്റ്വർക്ക് വഴി ബന്ധിപ്പിച്ച് ജനന മരണ രജിസ്ട്രേഷനുകൾ ലളിതവും കാര്യക്ഷമവുമാക്കുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക് പ്രോജക്ട് റവന്യൂ വകുപ്പിനേയും, രജിസ്ട്രേഷൻ വകുപ്പിനേയും ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല വഴി ഇരു വകുപ്പുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയാണ് സേവന പ്രദാന പദ്ധതിക്കുകീഴിലെ സംസ്ഥാനതല ഉദ്യമങ്ങൾ. ഈ പദ്ധതികൾക്കെല്ലാം തന്നെ തുടക്കംകുറിച്ചുകഴിഞ്ഞു.

സേവനപ്രദാന പദ്ധതിയുടെ ആദ്യഘട്ടം നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികൾക്കെല്ലാംതന്നെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇവയുടെ നിർവ്വഹണവും കാര്യക്ഷമമായി നടക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സേവന നിലവാരം ഉയർത്തുകയാണ് ഈ സ്ഥാപനതല പദ്ധതികളുടെ ലക്ഷ്യം.

(ബി) എട്ട് വകുപ്പുകളിലെ സേവനപ്രദാന പദ്ധതിക്കായി 187 കോടി രൂപ 2005-2006-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സെക്രട്ടറിയേറ്റിലെ സേവനപ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി 2005-2006-ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് രൂപം നൽകിവരുന്നു.

ഫിസ്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*10 [462] *ശ്രീ. സാജു പോൾ:*

„ *എം. വി. ജയരാജൻ:*

„ *പി. സി. ജോർജ്:*

„ *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിനും, വികസന ക്ഷേമ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കൊണ്ടുവന്ന നിയമം നടപ്പിലാക്കിയതിനുശേഷം സംസ്ഥാന സമ്പദ്ഘടനയുടെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

---

†അനുബന്ധം 1 ദയവായി കാണുക.

LIBRARY ARCHIVES Kerala Legislative Assembly